# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.522 — 04.02.2020-ൽ മറുപടിയ്ക്ക്

## <u>സർക്കാർ ലോട്ടറിയുടെ ലാഭം</u>

| | <u>ചോദ്യം</u><br>ശ്രീ.പാറക്കൽ അബ്ദുല്ല | | <u>മറുപടി</u><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സർക്കാർ നേരിട്ടു നടത്തുന്ന ലോട്ടറിയുടെ നികുതി വർദ്ധിപ്പിച്ച് മറ്റുള്ള സംസ്ഥാനങ്ങൾക്ക് തുല്യമായ ഇരുപത്തെട്ട് ശതമാനമാക്കിയ കേന്ദ്ര ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം നികുതി ഏകീകരണത്തിനെതിരെ കേരളം നടത്തിയ പോരാട്ടത്തിനേറ്റ തിരിച്ചടിയായി സർക്കാർ കാണുന്നുണ്ടോ; | (എ) | സംസ്ഥാനത്തിന്റെ കടുത്ത എതിർപ്പ് മറികടന്നാണ് കൗൺസിൽ ഈ തീരുമാനം കൈക്കൊണ്ടത്. കൗൺസിലിൽ നടന്ന വോട്ടെടുപ്പിൽ നമ്മുടെ നിലപാടിനെ പിന്തുണയ്ക്കും എന്നു കരുതിയ ചില സംസ്ഥാനങ്ങൾ പോലും പിന്തുണയ്ക്കാത്ത സാഹചര്യത്തിലാണ് ഈ പ്രയാസവുമുണ്ടായത് |
| (ബി) | നികുതി ഏകീകരണത്തോടെ കേരള സർക്കാർ ലോട്ടറിയിൽ നിന്നുള്ള ലാഭം കുറയുകയും ഇതര സംസ്ഥാന ലോട്ടറികൾക്ക് വിപണിയിൽ തുല്യ മൽസര സാഹചര്യം കൈവരികയും ചെയ്യുമോ; ഇതിനെ എങ്ങനെ മറികടക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | (ബി) | കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST 28% മായി ഏകീകരിച്ചതുവഴി മാത്രം ഇതര സംസ്ഥാന ഭാഗ്യക്കുറികൾക്കു കേരളത്തിനകത്തു വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. കേരളത്തിനകത്തു ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്കു കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന് കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി |

| | | | |
|---|---|---|---|
| | | | നിയമം 2018 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കേരള സംസ്ഥാന ചരക്ക സേവന നികുതി ചട്ടം 56 (19) പ്രകാരം സംസ്ഥാനത്തിനകത്ത് വില്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകളുടെ ഏജന്റുമാരോ വിതരണക്കാരോ വിൽക്കാൻ ഉദ്ദേശിക്കുന്ന ലോട്ടറി സംബന്ധിക്കുന്ന താഴെപ്പറയുന്ന രേഖകൾ നിർബന്ധമായും സൂക്ഷിക്കേണ്ട താണ്. 1) വിൽപ്പന നടത്തുവാൻ ഉദ്ദേശിക്കുന്ന ലോട്ടറിയുടെ പേര്, അവയുടെ നറുക്കെടുപ്പ് സംബന്ധിക്കുന്ന വിവരം ലോട്ടറി (റെഗുലേഷൻ) നിയമം 2010 ലെ നിയമം 3(3) & (4) പ്രകാരം അറിയിക്കേണ്ടതാണ്.<br>2) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്നത്, അവർ വിതരണക്കാരുടെയും വില്പനക്കാരുടെയും നിയമനം സംബന്ധിക്കുന്ന കരാറുകൾ കേരളത്തെ അറിയിക്കേണ്ട താണ്.<br>3) ഏത് സംസ്ഥാനത്തിന്റെ ലോട്ടറിയാണോ വിതരണം നടത്തുന്നത് അവിടെ നിന്നും വിതരണത്തിനായി കേരളത്തിൽ എത്തിക്കുന്ന മുഴുവൻ ടിക്കറ്റുകളുടെയും വിവരം ബോധ്യപ്പെടുത്തേണ്ടതാണ് .<br>4) വിൽപനക്കായി നൽകിയ ടിക്കറ്റുകളുടെ വിവരം, നറുക്കെടുപ്പ് കഴിഞ്ഞ് വില്പന നടത്താതെ പോയ ടിക്കറ്റുകളുടെ വിവരം, സമ്മാന തുകയും സമ്മാനം ലഭിച്ച ആളുകളുടെ പേരും വിലാസവും, വില്പന നടത്താത്ത ടിക്കറ്റുകൾ ലോട്ടറി നടത്തുന്ന സംസ്ഥാനത്തിലേക്ക് തിരികെ അയച്ചത് സംബന്ധിക്കുന്ന വിവരങ്ങൾ, ലോട്ടറി വില്പനയിൽ നിന്നും ലഭിച്ച തുക ലോട്ടറി നടത്തുന്ന സംസ്ഥാനത്തിന് നൽകിയത് |

| | | | |
|---|---|---|---|
| | | | സംബന്ധിച്ച വിവരങ്ങൾ എന്നിവ ബോദ്ധ്യപ്പെടുത്തേണ്ടതാണ്.<br><br>മേല്പറഞ്ഞ നിർദേശങ്ങൾ കൂടാതെ കേരള ചരക്ക് സേവന നികുതി ചട്ടം 56 (20A) പ്രകാരം സംസ്ഥാനത്തിനകത്ത് ലോട്ടറി വില്പന നടത്തുന്ന ഏജന്റ്/വിതരണക്കാർ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിലെ സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണർമാരുടെ അധികാര പരിധിയിൽ അതാത് ലോട്ടറി വിതരണങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തി 'ഇൻഫർമേഷൻ റിട്ടേൺ' സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിച്ചിട്ടുള്ള 'ഇൻഫർമേഷൻ റിട്ടേൺ'-ൽ പരാമർശിക്കപ്പെട്ടിട്ടുള്ള ടിക്കറ്റുകൾ പരിശോധന നടത്തുന്നതിലേക്കായി ആവശ്യപ്പെടുമ്പോഴും, അവയിൽ വില്പന നടത്താതെ അവശേഷിക്കുന്ന ടിക്കറ്റുകൾ, അതാത് ഡെപ്യൂട്ടി കമ്മീഷണർ മുമ്പാകെ നേരിട്ട് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. |
| (സി) | പുതിയ സാഹചര്യം ഇതരസംസ്ഥാന ലോട്ടറികൾ കേരളത്തിലേക്ക് കടന്നു വരുന്നതിന് വഴി ഒരുക്കുമോ; | (സി) | നിയമാനുസൃതമല്ലാതെ കേരളത്തിനുള്ളിൽ ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തുന്നത് പ്രതിരോധിക്കുവാൻ സംസ്ഥാന സർക്കാർ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാനത്തിൽ കേരള സർക്കാർ ലോട്ടറിയും ഇതര സംസ്ഥാന ലോട്ടറികൾ ഉൾപ്പെടെയുള്ളവയുടെയും നടത്തിപ്പ് റെഗുലേറ്റ് ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയ്ക്കും മോണിറ്ററിംഗിനും വിധേയമായി മാത്രമെ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ |

| | | | |
|---|---|---|---|
| | | | പാട്ടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടുമുള്ള ഭാഗ്യക്കുറി ഭേദഗതി റൂൾ പുറപ്പെടുവിച്ചിട്ടുണ്ട്. നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരുന്ന ഭാഗ്യക്കുറി നടത്തിപ്പുകാരുടെ ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതിനും അത്തരക്കാരുടെ സ്ഥാപനം അടച്ചുപൂട്ടി നിയമനടപടി കൈക്കൊള്ളുന്നതിനും പ്രസ്തുത കേരള സംസ്ഥാന ഭാഗ്യക്കുറി ഭേദഗതി റൂൾ (2018) വ്യവസ്ഥ ചെയ്യുന്നു. കൂടാതെ കേരള സംസ്ഥാന ചരക്ക് സേവന നികുതി ചട്ടം 56 (19), 56 (20A) പ്രകാരമുള്ള നിബന്ധനകൾ പാലിച്ചാൽ മാത്രമേ അന്യ സംസ്ഥാന ലോട്ടറികൾക്ക് കേരളത്തിൽ വ്യാപാരം നടത്തുവാനാകൂ. |
| (ഡി) | പ്രതിവർഷം 1200 കോടി രൂപയാണ് ലോട്ടറിയിൽ നിന്നുള്ള സർക്കാരിന്റെ ലാഭം എന്നിരിക്കെ പുതിയ സാഹചര്യത്തിൽ ലാഭത്തുക നികുതിയായി മാറുമോ; വിശദാംശങ്ങൾ നൽകാമോ? | (ഡി) | ശരാശരി 14.8 ശതമാനം ലാഭം കിട്ടിയിരുന്നതിൽ നിന്നും ലാഭത്തിന്റെ പകുതിയിലധികം തുക സമ്മാനത്തുകയായി മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിലെ സമ്മാനഘടന പ്രകാരം നൽകിവരുന്ന 51.93% സമ്മാനത്തുക 58.01% ആയി വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ മുമ്പ് ഉണ്ടായിരുന്നതുപോലെ തന്നെ ജി.എസ്.റ്റി. പിരിക്കുന്നതിന്റെ പകുതി കേന്ദ്ര ജി.എസ്.റ്റി ആയി കേന്ദ്ര സർക്കാരിലേക്ക് അടക്കേണ്ടി വരുന്നുണ്ട്. |

Suja

സെക്ഷൻ ഓഫീസർ